(ജി) ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് (ശതമാന നിരക്കിൽ) അധിക യോഗ്യത, ഉദ്യോഗ പരിചയം, വാങ്മൂലമായ സാമർത്ഥ്യം, ടീച്ചിംഗ് എബിലിറ്റി (സബ്ജക്ട് എക്സ്പെർട്ടുകൾ നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ) എന്നിവയ്ക്ക് നൽകുന്ന മാർക്കുകളുടെ അടിസ്ഥാനത്തിലാണ് റാങ്ക് നിശ്ചയിക്കുന്നത്.

(എച്ച്) എംപ്ലോയ്മെന്റ് ആഫീസുകളിൽ നിന്ന് 40-ഓളം വിഷയങ്ങൾക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്.

(ഐ) വൊക്കേഷണൽ ഹയർ സെക്കണ്ടറി ഗവൺമെന്റ് സ്കൂൾ സ്പെഷ്യൽ റൂൾസ് 12-3-2004-ൽ നിലവിൽ വന്നതോടെ എല്ലാ ഒഴിവുകളും പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്.

ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ്, ഫോറസ്ട്രി എന്നിവ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പാഠ്യവിഷയമാക്കണമെന്ന നിവേദനം

155[775] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ്, ഫോറസ്ട്രി എന്നിവ വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ പാഠ്യപദ്ധതിയിൽ വിഷയങ്ങളായി ചേർക്കണമെന്നത് സംബന്ധിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് പ്രസ്തുത നിവേദനം സമർപ്പിച്ചിട്ടുള്ളത്;

(സി) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) അവയിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) തൃശൂർ വെള്ളാനിക്കര അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് ഫോറസ്ട്രി പ്രസിഡന്റ് ശ്രീ. അഭിലാഷ് ദാമോധരൻ ബഹു. എം.എൽ.എ. ശ്രീ. മത്തായി ചാക്കോ മുഖേനയാണ് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

(സി) ഫോറസ്ട്രി/ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ് എന്ന വിഷയം വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതാണ് ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുമ്പോൾ ഫോറസ്ട്രി/ ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

കെ. ജി.ടി. ഇ. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷാഫല പ്രസിദ്ധീകരണം

156 [776] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് 2004 ജനുവരിയിൽ നടത്തിയ കെ.ജി.ടി.ഇ. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(സി) പരീക്ഷാഫലം എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-6-2004-ൽ പ്രസിദ്ധീകരിച്ചു.

(ബി) കെ.ജി.ടി.ഇ. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷാ ഫലപ്രസിദ്ധീകരണത്തിനു വേണ്ടി സർക്കാർ താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ കേന്ദ്രത്തിൽ നിന്നും ഉത്തരക്കടലാസുകൾ അതാത് ചീഫ് സൂപ്രണ്ടുമാർ നേരിട്ട് പരീക്ഷാഭവനിലേക്ക് അയച്ചുകൊടുക്കുന്നു. പരീക്ഷാഭവനിൽ നിന്നും ഉത്തരക്കടലാസുകൾ ചീഫ് എക്സാമിനർമാർക്ക് വിതരണം ചെയ്യുന്നു. ഓരോ ചീഫ് എക്സാമിനറുടേയും കീഴിൽ ഉത്തരക്കടലാസുകളുടെ എണ്ണം അനുസരിച്ച് അസിസ്റ്റന്റ് എക്സാമിനർമാരെ നിയമിക്കുന്നു. സാധാരണ ഗതിയിൽ ഒരു എക്സാമിനർക്ക് ഏകദേശം 150 പേപ്പർ പരിശോധിക്കാൻ നൽകാറുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന 10 വർഷത്തിൽ കുറയാത്ത സർവ്വീസുള്ള ടൈപ്പിസ്റ്റുമാർ/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ എന്നിവരെയാണ് എക്സാമിനർമാരായി നിയമിക്കാറുള്ളത്. ഇതിൽ സീനിയറായ ഉദ്യോഗസ്ഥരെ ചീഫ് എക്സാമിനർമാരായി നിയമിക്കുന്നു.

(സി) (എ)-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ലൈബ്രറി കൗൺസിലിന്റെ കീഴിൽ ഉള്ള അഫിലിയേറ്റഡ് ഗ്രന്ഥശാലകൾ

157 [777] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly